ശ്രീ. ടി. കെ. നാരായണപിള്ള : വളരെ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്. ശബരിമല തീവെയ്പു കേസുസംബന്ധിച്ചു ചില തെളിവുകൾ കിട്ടിയിട്ടുണ്ടെന്നു ആദ്യം ഗവണ്മെണ്ടു് പ്രസ്താവിച്ചുവെങ്കിലും ഇതുവരെ യാതൊരു തെളിവും കിട്ടിയിട്ടില്ലെന്നാണോ ഗവണ്മെണ്ടു പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. താണുപിള്ള : ഇന്നു ഇവിടെ ആൻറി കറപ്ഷൻ സംബന്ധിച്ചു ജോലി എന്തെങ്കിലും ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. അദ്ദേഹം ആ ജോലിക്കുടി ചെയ്യുവരുന്നു. എന്നാൽ, ഒന്നരമാസമായി ശബരിമല തീവെയ്പു സംബന്ധിച്ചു ജോലിമാത്രം ചെയ്യുവാനാണു ചുമതലപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. എസ്സു്. കുട്ടൻ : അദ്ദേഹത്തിൻറെ നിയമനം ഈ ഡിപ്പാർട്ടുമെണ്ടിലുള്ള മറ്റു ഉദ്യോഗസ്ഥന്മാരുടെ സീനിയാറിട്ടിയെ ബാധിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരുകാലത്തും ബാധിക്കുകയില്ല.

ശ്രീ. പി. നാണു : പബ്ലിക്കു് സർവ്വീസു് കമ്മീഷനുമായി ആലോചിച്ചു കൊണ്ടാണോ അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതു കേവലം ഡെപ്യൂട്ടേഷൻ ആയതു കൊണ്ടു പബ്ലിക്കു് സർവ്വീസു് കമ്മീഷനുമായി ആലോചിക്കേണ്ട ആവശ്യമില്ല.

കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടർ

*൨ (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടരായിരുന്ന ഒരു ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു കുറ്റത്തിനായാട്ടാണു്;

(സി) ഈ ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്യുന്നതിനു് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്;

(ഡി) ഏതെങ്കിലും ഉദ്യോഗസ്ഥൻറെ പേരിൽ ക്രിമിനൽ പ്രാസിക്യൂഷൻ നടക്കുമ്പോൾ ആ പ്രാസിക്യൂഷനു അടിസ്ഥാനമായ സംഗതിക്കു് ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കുന്ന കീഴ്നടപ്പുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ടു്.

(ബി) തന്നെ അടിച്ചു എന്നു് പി. ഠി. ദേവസ്യാ (അഡ്വക്കേറ്റു്) പരാതിപ്പെട്ടതിന്മേൽ.

(സി) പരാതിയന്വേഷണത്തിനു വിധേയമായി സസ്പെൻറു ചെയ്തതിനു ശേഷം യാതൊരു പ്രത്യേക നടപടികളും കൈക്കൊണ്ടിട്ടില്ല.

(ഡി) ഓരോ കേസിലെയും സ്വഭാവമനുസരിച്ചായിരിക്കും വേണ്ട നടപടികൾ സ്വീകരിക്കുന്നതു്.

ശ്രീ. പി. നാണു: ദേവസ്യയെ ഉപദ്രവിച്ചു എന്നു പറയുന്നതു എവിടെ വച്ചാണു്? ആഫീസിൽവച്ചോ, അതോ വീട്ടിൽ വച്ചോ?

Sri. P. Balakrishnan Tampi: I rise to a point of order, whether this is not a ma ter *sub-judice.*

Sri. T. K. Narayana Pillai: It is *sub-judice.*

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : If the matter has gone to Court it is *sub-judice* and cannot be pursued.

LAND COMMITTEE

*3(3) **Sri. A. Ramasubramonia Karayalar:** May I know from the Hon'ble Minister for Revenue.—

(*a*) whether the Land Committee has submitted its report; and

(*b*) if not the reasons for the delay?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലാൻഡ്കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ബി) റിപ്പോർട്ട് ഇതുവരെ തയാറാകാത്തതുകൊണ്ടാണ് സമർപ്പിക്കാത്തത്.

ശ്രീ. വി. ഗംഗാധരൻനായർ: രണ്ടു മൂന്നാഴ്ചക്കകം റിപ്പോർട്ട് തയാറാകുന്നതാണെന്നു കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽ ബഹു. മെംബർ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ശ്രീ. എ. ജെ. ജാൺ: അപ്പോഴത്തെ അറിവ് അതായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇത്ര മാസത്തിനകം റിപ്പോർട്ട് തയാറാക്കണമെന്ന്, കമ്മിറ്റിക്ക് എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറ് നല്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുള്ള യാതൊരു നിർദ്ദേശവും നല്കിയിട്ടില്ല.

ശ്രീ. എം. ഐ. പാറം: ആ കമ്മിറ്റിയെ നിയമിച്ചപ്പോൾ മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ വ്യക്തമായ യാതൊരു നിർദ്ദേശവും നല്കിയിട്ടില്ല. കഴിയുന്നതും വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് അവരോടാവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. യു. കെ. വാസുദേവനാ പാരി: കഴിയുന്നത്ര കാലതാമസം വരുത്തുന്നതിനുവേണ്ട നടപടികളാണ് കമ്മിറ്റി എടുത്തുവരുന്നതെന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആ കമ്മിറ്റിയെ നിയമിച്ചതെന്നാണ്?

ശ്രീ എ. ജെ. ജാൺ: ഫർ സ്റ്റ് നവംബറിൽ.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആ കമ്മിറ്റിയുടെ സഞ്ചാരപരിപാടി ഇതിനകം തീർന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മിക്കവാറും തീർന്നിട്ടുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: കമ്മിറ്റിക്കുവേണ്ടി ഇതുവരെ എത്രരൂപാ ചെലവാക്കിയിട്ടുണ്ട്?

ശ്രീ. എ. ജെ. ജാൺ: ഏകദേശം ഫോർ, ഥ ഥ ഥ രൂപാ.

Sri. D. Gnanasigamoni: May I know, Sir, whether the Report will be submitted before this Assembly is dissolved?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി ക്ലിപ്തമായ മറുപടി പറയാൻ ഇപ്പോൾ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly